KERALA STATE
BIODIVERSITY BOARD

# ജൈവവൈവിധ്യം മുഖ്യാധാരയിലേക്ക്



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

2019

# ജൈവവൈവിധ്യം മുഖ്യധാരയിലേക്ക്

പ്രസിദ്ധീകരണം

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

(കേന്ദ്ര പരിസ്ഥിതി – വനം – കാലാവസ്ഥാ വ്യതിയാന വകുപ്പ്
തയ്യാറാക്കിയ ലഘുലേഖയെ ആസ്പദമാക്കി തയ്യാറാക്കിയത്)

**വിവരങ്ങൾക്ക് കടപ്പാട്:**

കേന്ദ്ര പരിസ്ഥിതി – വനം – കാലാവസ്ഥാ വ്യതിയാന വകുപ്പ്
ദേശീയ ജൈവവൈവിധ്യ അതോറിറ്റി,
യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം


# ആമുഖം



- ഭൂമിയിലെ വിഭിന്നങ്ങളായ ജീവജാലങ്ങളുടെ വൈവിധ്യവും മനുഷ്യ നന്മയ്ക്ക് സഹായകമാകുന്ന വ്യത്യസ്തങ്ങളായ ആവാസവ്യവസ്ഥാ സേവനങ്ങളും ഉൾപ്പെടുന്നതാണ് ജൈവവൈവിധ്യം. ഇവ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനാവശ്യമായ ആഹാരം, ഇന്ധനം, പാർപ്പിടം, ഔഷധം, മറ്റ് വസ്തുക്കൾ എന്നിവ പ്രദാനം ചെയ്യുന്നു. ജൈവജാതിയിനങ്ങളിലെ (സ്പീഷിസുകൾ) ജനിതകവ്യതിയാനമായ ജനിതക വൈവിധ്യം, ജീവജാലങ്ങളുടെ എണ്ണത്തിലും സ്വഭാവത്തിലും വ്യത്യസ്തത കാണിക്കുന്ന ജൈവജാതിയിനങ്ങളിലെ വൈവിധ്യം; വ്യത്യസ്തങ്ങളായ വാസസ്ഥലങ്ങൾ, ജീവജാലസമൂഹങ്ങൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന ആവാസവ്യവസ്ഥാ വ്യതിയാനം എന്നിങ്ങനെ ജൈവവൈവിധ്യം അതിന്റെ മൂന്നു തലങ്ങളിൽ പ്രകടമാണ്.
- വളരെ ബൃഹത്തായ വൈവിധ്യമുള്ള രാജ്യമായ ഇന്ത്യ, ജൈവവൈവിധ്യത്താലും അനുബന്ധമായിട്ടുള്ള പരമ്പരാഗത അറിവുകളാലും സമ്പന്നമാണ്. ഇന്ത്യയിലെ ലക്ഷോപലക്ഷം ജനങ്ങളുടേയും ജീവിതരീതി ജൈവവൈവിധ്യത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, ജൈവവൈവിധ്യ സംരക്ഷണത്തിന് രാജ്യം മുൻഗണന നൽകുന്നു.
- ജൈവവൈവിധ്യത്തിന്റെ എല്ലാവശങ്ങളേയും പരിഗണിച്ചുകൊണ്ട് വ്യാപകമായി നിയമപരിരക്ഷയുള്ള, അന്താരാഷ്ട്ര ജൈവവൈവിധ്യ കരാറിൽ (Convention on Biological Diversity –CBD) ഇന്ത്യ കക്ഷിയാണ്. കേന്ദ്ര പരിസ്ഥിതി - വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് (MoEFCC) ഇന്ത്യയിൽ ജൈവവൈവിധ്യ ഉടമ്പടി നടപ്പിലാക്കുന്നതിനുള്ള കേന്ദ്രമന്ത്രാലയം.
- ജൈവവൈവിധ്യ സംരക്ഷണത്തിൽ ഉചിതമായ നിയമപരവും, നയപരവുമായിട്ടുള്ള ഭരണവ്യവസ്ഥകൾ വികസിപ്പിച്ച് നടപ്പിലാക്കുന്നതിൽ ഇന്ത്യയ്ക്ക് നേതൃസ്ഥാനമാണുള്ളത്.
- അന്താരാഷ്ട്ര ജൈവവൈവിധ്യ കരാർ പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ജൈവവൈവിധ്യ നിയമം 2002-ൽ ഇന്ത്യ പാസാക്കി. ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം, അവയുടെ ഉപയോഗത്തിൽനിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കിടൽ എന്നിവയാണ് ജൈവവൈവിധ്യനിയമത്തിലൂടെ ഉദ്ദേശിക്കുന്നത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി (NBA) സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ (SBBs), ജൈവവൈവിധ്യ പരിപാലന സമിതികൾ (BMCs) എന്നിവ ഉൾപ്പെടുന്ന ഒരു ത്രിതല സംവിധാനത്തിലൂടെയാണ് ജൈവവൈവിധ്യ നിയമം നടപ്പിലാക്കുന്നത്.
- ജൈവവൈവിധ്യ കരാറിലെ അംഗരാഷ്ട്രങ്ങൾ നിർബന്ധമായും ചെയ്യേണ്ട രണ്ട് ചുമതലകളാണ്: ദേശീയ ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും (NBSAPs) വകുപ്പ് 6 പ്രകാരം തയ്യാറാക്കുക, വകുപ്പ് 26 പ്രകാരം ദേശീയ റിപ്പോർട്ട് തയ്യാറാക്കുക എന്നിവ.
- NBSAPs അല്ലെങ്കിൽ അത്തരത്തിലുള്ള മറ്റ് രേഖകളാണ് ദേശീയതലത്തിൽ CBD നടപ്പിലാക്കുന്നതിനുള്ള പ്രധാന ഘടകങ്ങൾ. കക്ഷി രാഷ്ട്രങ്ങൾ NBSAPs തയ്യാറാക്കി, അതിലെ പദ്ധതികൾ ജൈവവൈവിധ്യ സംരക്ഷണത്തിൽ ശക്തമായ സ്വാധീനം ഉണ്ടാക്കാൻ കഴിയുന്ന എല്ലാമേഖലകളിലെയും പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നാണ് ജൈവവൈവിധ്യ കരാർ നിഷ്കർഷിക്കുന്നത്.
- ഇന്ത്യയുടെ 2014 ലെ ദേശീയ ജൈവവൈവിധ്യ കർമ്മ പദ്ധതിയിൽ (National Biodiversity Action Plan NBAP) ഉൾപ്പെടുത്തിയിട്ടുള്ള 12 ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ (National Biodiversity Targets NBTs), തൽപ്പരകക്ഷികളുമായി സമഗ്രമായ കൂടിയാലോചനകളിലൂടെയാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്.
- കൃത്യമായ ഇടവേളകളിൽ ദേശീയ റിപ്പോർട്ട് തയ്യാറാക്കുന്നതിലൂടെ കക്ഷി രാഷ്ട്രങ്ങൾക്ക് ജൈവവൈവിധ്യ കരാർ നടപ്പിലാക്കുന്നതിലെ അപാകതകളും, പരിമിതികളും, പ്രതിബന്ധങ്ങളും നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനും സാധിക്കുന്നു. ഇന്ത്യ ആദ്യത്തേയും, രണ്ടാമത്തേയും, മൂന്നാമത്തേയും, നാലാമത്തേയും, അഞ്ചാമത്തേയും ദേശീയ റിപ്പോർട്ടുകൾ യഥാക്രമം 1998, 2001, 2005, 2009, 2014 വർഷങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്.
- ആറാമത്തെ ദേശീയ റിപ്പോർട്ട് 2018 ൽ സമർപ്പിച്ചിട്ടുണ്ട്.
- ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ കർമ്മപദ്ധതികളെക്കുറിച്ചും (NBAP), ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളെക്കുറിച്ചുമുള്ള (NBTs) ഒരു അവലോകനമാണ് ഈ ലഘുലേഖയിലൂടെ നൽകുന്നത്.

## അന്താരാഷ്ട്ര ജൈവവൈവിധ്യ ഉടമ്പടി (Convention on Biological Diversity –CBD)

- 1992 – ലെ റിയോ ഡി ജനീറോയിലെ ഭൗമ ഉച്ചകോടിയിൽ കൈക്കൊണ്ട ജൈവവൈവിധ്യ ഉടമ്പടി (CBD), ജൈവ വൈവിധ്യത്തിന്റെ എല്ലാവശങ്ങളേയും കുറിച്ച് പ്രതിപാദിക്കുന്ന ആദ്യത്തെ ആഗോളകരാറാണ്. ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ എന്നിവയാണ് ഈ ഉടമ്പടിയുടെ മൂന്ന് പ്രധാന ലക്ഷ്യങ്ങൾ. ലോകമെമ്പാടുമായി 196 ലോകരാഷ്ട്രങ്ങൾ ഈ ഉടമ്പടിയിൽ അംഗങ്ങളായുണ്ട്. 2000 ത്തിലെ ജൈവസുരക്ഷയ്ക്കായുള്ള കാർട്ടജീന പ്രോട്ടോകോൾ, ജൈവവിഭവങ്ങളുടെ ഉപയോഗവും അതിൽനിന്നുണ്ടാകുന്ന നേട്ടങ്ങളുടെ പങ്കുവയ്ക്കലിനും (Access and Benefit Sharng –ABS) വേണ്ടിയുള്ള 2010 ലെ നഗോയ പ്രോട്ടോകോൾ എന്നിവ CBD യുടെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള രണ്ട് നിബന്ധനകളാണ്.





- ജൈവവൈവിധ്യ സംരക്ഷണമെന്നത് നമ്മുടെ വ്യക്തിതാൽപര്യത്തിനനുസരിച്ചിരിക്കും. അതിനായി ഉടമ്പടിയിൽ ലക്ഷ്യങ്ങളും, നയങ്ങളും, കർത്തവ്യങ്ങളും കൈക്കൊണ്ടിട്ടുണ്ട്. അവ നടപ്പിലാക്കുന്നതിനുള്ള ചുമതല അതാത് രാഷ്ട്രങ്ങൾക്കാണ്. അതിനുവേണ്ടിയുള്ള നേതൃത്വം സർക്കാരുകൾ നൽകുമ്പോൾ (പരിസ്ഥിതി, വനം, കൃഷി, മത്സ്യബന്ധനം, ഊർജ്ജം, ടൂറിസം, തുടങ്ങിയ മന്ത്രാലയങ്ങളിലൂടെ), സമൂഹത്തിലെ മറ്റ് മേഖലകളിലുള്ളവരുടേയും സജീവമായ പങ്കാളിത്തം ജൈവവൈവിധ്യ സംരക്ഷണത്തിനും അവയുടെ സുസ്ഥിരോപയോഗത്തിനുമായി ഉണ്ടാകേണ്ടതാണ്.
- CBD അംഗീകരിച്ചുകൊണ്ട് അതിൽ കക്ഷികളായിട്ടുള്ള എല്ലാ സർക്കാരുകളുടേയും പ്രതിനിധികളുൾപ്പെടുന്ന ഭരണസമിതിയാണ് കോൺഫറൻസ് ഓഫ് പാർട്ടീസ് (CoP) എന്നറിയപ്പെടുന്നത്. CBD യുടെ പുരോഗതി CoP കൃത്യമായും വിലയിരുത്തുകയും, മുൻഗണന നൽകേണ്ടവ തിരിച്ചറിഞ്ഞ് അംഗരാഷ്ട്രങ്ങൾക്കായുള്ള പ്രവർത്തനരീതി ക്രമീകരിക്കുന്നു.

## ജൈവവൈവിധ്യ പ്രവർത്തന തന്ത്രങ്ങൾ 2011 –2020, ഐച്ചി ലക്ഷ്യങ്ങൾ (Aichi Targets)

**'പ്രകൃതിയോടിണങ്ങിജീവിക്കുക'**

- ജൈവവൈവിധ്യ പ്രാധാന്യതെതക്കുറിച്ചും, ജൈവവൈവിധ്യം നേരിടുന്ന ഭീഷണികളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനായി ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി 2011 –2020 കാലയളവിനെ ഐക്യരാഷ്ട്രസഭയുടെ ജൈവവൈവിധ്യ ദശാബ്ദമായി (UNDB) പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി, 2011–2020 കാലയളവിലേയ്ക്ക് ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനും, അവയിൽ നിന്നുള്ള നേട്ടങ്ങളെ ജനങ്ങൾക്കായി വർദ്ധിപ്പിക്കുന്നതിനുമായി, CoP യുടെ 10–ാം സമ്മേളനം അംഗരാഷ്ട്രങ്ങൾക്കും തൽപ്പരകക്ഷികൾക്കുമായി പ്രവർത്തന തന്ത്രങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത പ്രവർത്തന തന്ത്രങ്ങളിൽ, പരസ്പര കാഴ്ചപ്പാടുകൾ, ഒരു നിയുക്ത പ്രവൃത്തി, അഞ്ച് തന്ത്രപ്രധാന ലക്ഷ്യങ്ങൾ എന്നിവ നേടിയെടുക്കാൻ സാധിക്കുന്ന 20 ലക്ഷ്യങ്ങൾ ഉൾപ്പെടുന്നു. ഇവ ഐച്ചി (Aichi Targets) ലക്ഷ്യങ്ങൾ എന്നറിയപ്പെടുന്നു. ദേശീയതലത്തിലും, പ്രാദേശിക തലത്തിലും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, ഇആഉ യുടെ മൂന്ന് സുപ്രധാന ലക്ഷ്യങ്ങൾ യുക്തിപരവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുള്ള ചട്ടക്കൂടായി ഈ പ്രവർത്തന തന്ത്രങ്ങൾ വർത്തിക്കുന്നു.




- പ്രസ്തുത പ്രവർത്തന തന്ത്രങ്ങൾ നടപ്പിലാക്കുന്നതിനായി CBD യിലെ എല്ലാകക്ഷികളും ദേശീയ സാഹചര്യങ്ങൾക്കും, വിലയിരുത്തലിനും അനുസൃതമായി ദേശീയ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട്, പ്രവർത്തനങ്ങൾക്കനുസൃതമായി ദേശീയ ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും (NBSAPs) മെച്ചപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യണം. NBSAP നടപ്പിലാക്കുന്നത് നിരീക്ഷിച്ച്, വിലയിരുത്തി, അഞ്ചാമത്തെയും, ആറാമത്തേയും ദേശീയ റിപ്പോർട്ടിലൂടെ CoP യ്ക്ക് നൽകേണ്ടതാണ്.


## ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങളുടെ അവലോകനം

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ജൈവവൈവിധ്യ അവബോധം വർദ്ധിപ്പിക്കൽ | 2 | ജൈവവൈവിധ്യ മൂല്യങ്ങൾ സംയോജിപ്പിക്കൽ | 3 | വർദ്ധിപ്പിക്കൽ, പരിഷ്കരിക്കൽ | 4 | സുസ്ഥിര ഉൽപ്പാദനവും ഉപയോഗവും |
| 5 | വാസസ്ഥലം നഷ്ടമാകുന്നത് പകുതിയാക്കുക/ കുറയ്ക്കുക | 6 | ജല ജീവജാലങ്ങളുടെ സുസ്ഥിര പരിപാലനം | 7 | സുസ്ഥിരകൃഷി, ജലക്കൃഷി, വനസംരക്ഷണം | 8 | മലിനീകരണം കുറയ്ക്കൽ |
| 9 | അധിനിവേശ സസ്യങ്ങളുടെ നിയന്ത്രണവും നിരോധനവും | 10 | കാലാവസ്ഥാ വ്യതിയാനം വർദ്ധിച്ച തോതിൽ സ്വാധീനിക്കുന്ന ആവാസവ്യവസ്ഥകൾ | 11 | സംരക്ഷിത മേഖലകൾ | 12 | വംശനാശത്തിന്റെ സാധ്യത കുറയ്ക്കൽ |
| 13 | ജനിതക വൈവിധ്യ സംരക്ഷണം | 14 | ആവാസവ്യവസ്ഥാ സേവനങ്ങൾ | 15 | ആവാസവ്യവസ്ഥാ വീണ്ടെടുക്കലും, പിൻവാങ്ങലും | 16 | ജനിതകവിഭവങ്ങളുടെ ഉപയോഗവും നേട്ടങ്ങളുടെ പങ്കുവയ്ക്കലും |
| 17 | ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും | 18 | പരമ്പരാഗത അറിവ് | 19 | വിവരങ്ങളുടെയും അറിവുകളുടെയും പങ്കുവയ്ക്കൽ | 20 | എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള വിഭവങ്ങളുടെ സ്വരുക്കൂട്ടൽ. |


# ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ കർമ്മപദ്ധതി (NBAP)




- CBD യുടെ 6-ാം വകുപ്പ് എല്ലാകക്ഷികളും സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായി ദേശീയ തന്ത്രങ്ങളും പദ്ധതികളും തയ്യാറാക്കണമെന്നും (പൊതുവെ NBSAPs എന്നറിയപ്പെടുന്നു), സംരക്ഷണവും ജൈവവൈവിധ്യത്തിന്റെ സുസ്ഥിരോപയോഗവും എല്ലാ അനുബന്ധ മേഖലകളിലെയും പദ്ധതികളിലും, പ്രവർത്തനങ്ങളിലും, നയങ്ങളിലും ഉൾപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു.
- CBD അംഗീകരിച്ചതിന്റെ ഭാഗമായി, ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിരോപയോഗത്തിനുമായി നിലവിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള തുടർപ്രവർത്തനങ്ങൾക്കായി, ഒരു ദേശീയ നയവും ബൃഹത്തായ പ്രവർത്തന തന്ത്രങ്ങളും കൂടിയാലോചനകളിലൂടെ 1999-ൽ ഇന്ത്യ തയ്യാറാക്കിയിട്ടുണ്ട്.
- ദേശീയ പരിസ്ഥിതി നയം (NEP) 2006-ൽ അംഗീകരിച്ചതിനുശേഷം, NEP യ്ക്കനുസൃതമായി, ദേശീയ ജൈവവൈവിധ്യ നയങ്ങളും കർമ്മപദ്ധതിയും തയ്യാറാക്കുന്ന പദ്ധതിയുടെ റിപ്പോർട്ടിന്റെ സഹായത്തോടെ, 1999 ലെ ദേശീയ നയങ്ങൾ നവീകരിക്കുകയുണ്ടായി. 2008-ൽ ഇന്ത്യ രണ്ടാമത്തെ ദേശീയ ജൈവവൈവിധ്യ കർമ്മപദ്ധതി (NBAP) തയ്യാറാക്കി.
- 2008-ലെ ദേശീയ ജൈവവൈവിധ്യ കർമ്മപദ്ധതിയിൽ (NBAP) താഴെപറയുന്ന വിഷയങ്ങളെ പ്രതിപാദിച്ചുകൊണ്ട് 175 പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:



  - i തനതു ആവാസവ്യവസ്ഥയ്ക്കുള്ളിലേയും (in-situ), പുറത്തേയും (ex-situ)വളർത്തു സ്ഥലങ്ങളിലെയും സംരക്ഷണ പ്രവർത്തനങ്ങളുടെ സംയോജിപ്പിക്കലും ശാക്തീകരിക്കലും,
  - ii പ്രകൃതി വിഭവങ്ങൾ വർദ്ധിപ്പിക്കലും അവയുടെ സുസ്ഥിരോപയോഗവും,
  - iii എല്ലാ തലമുറകൾക്കിടയിലും, തലമുറകൾ തമ്മിലും തുല്യത ഉറപ്പാക്കൽ,
  - iv അധിനിവേശ സസ്യങ്ങളുടെ കടന്നുകയറ്റം നിയന്ത്രിക്കൽ,
  - v കാലാവസ്ഥാ വ്യതിയാനത്തിനുള്ള സാധ്യത വിലയിരുത്തൽ, മരുഭൂമിവൽക്കരണം,
  - vi സാമൂഹിക, സാമ്പത്തിക വികസനത്തിൽ ജൈവവൈവിധ്യ വിഷയം ഉൾപ്പെടുത്തൽ,
  - vii മലിനീകരണത്തിന്റെ അനന്തരഫലങ്ങൾ,
  - viii ജൈവവൈവിധ്യ ഡാറ്റാബേസ് വികസിപ്പിക്കലും, സംയോജിപ്പിക്കലും,
  - ix ജൈവവൈവിധ്യ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള നയങ്ങളും, നിയമപരവും, ഭരണപരവുമായ ചുമതലകളും നടപ്പിലാക്കുന്നത് ശാക്തീകരിക്കൽ,
  - x പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാപ്തി ദേശീയമായി വർദ്ധിപ്പിക്കൽ,
  - xi ജൈവവൈവിധ്യ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മൂല്യനിർണ്ണയം സാമ്പത്തിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ടുള്ള തീരുമാനമെടുക്കൽ
  - xii അന്താരാഷ്ട്ര സഹകരണം.




- 2000-2004 കാലയളവിൽ NBSAP തയ്യാറാക്കൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾതന്നെ, സംസ്ഥാനങ്ങൾക്കായി സംസ്ഥാന ജൈവവൈവിധ്യ നയങ്ങളും കർമ്മപദ്ധതികളും (SBSAPs) തയ്യാറാക്കിയിട്ടുണ്ട്.
- ജൈവവൈവിധ്യ പ്രവർത്തന തന്ത്രങ്ങൾ 2011-2020, 20 ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ എന്നിവ അംഗീകരിച്ചതിനെ തുടർന്ന് ഇആഉ അംഗരാഷ്ട്രങ്ങൾക്ക് അവരുടെ NBSAPs ൽ ദേശീയ ലക്ഷ്യങ്ങൾകൂടി ഉൾപ്പെടുത്തി മാറ്റങ്ങൾ വരുത്തി നവീകരിക്കേണ്ടതുണ്ട്.
- 20 ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾക്കനുസൃതമായി 12 ദേശീയ ലക്ഷ്യങ്ങൾ ഇന്ത്യ വികസിപ്പിക്കുകയും, 2008-ലെ NBAP 2014-ൽ നവീകരിക്കുകയും ചെയ്തു. പ്രസ്തുത ദേശീയ ലക്ഷ്യങ്ങൾ (NBTs) നടപ്പിലാക്കുന്നതിനായി ആവശ്യമായ വിലയിരുത്തൽ സംവിധാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുണ്ട്.

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ (NBTs)



ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയും/വകുപ്പുകളുടെയും ഉന്നതതലയോഗം 2011 നവംബറിൽ സംഘടിപ്പിച്ചുകൊണ്ടാണ് കേന്ദ്ര പരിസ്ഥിതി- വനം കാലാവസ്ഥാ വ്യതിയാനവകുപ്പ് ചര്യാറ തയ്യാറാക്കുന്നതിന് തുടക്കംകുറിച്ചത്. തുടർന്ന് മൂന്ന് വർഷത്തോളം നിരവധി മന്ത്രിതലയോഗങ്ങളും തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചനകളും നടത്തുകയുണ്ടായി. വളരെ സമഗ്രമായ രീതിയിൽ കൂടിയാലോചകളും, വിലയിരുത്തലുകളും നടത്തിയശേഷമാണ് NBTs വികസിപ്പിച്ചത്. അതിലെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയങ്ങളും/വകുപ്പുകളും എജൻസികളും നടപ്പിലാക്കിവരുന്നു.

| | | |
|---|---|---|
| 1 | ജൈവവൈവിധ്യ ബോധവൽക്കരണം | 2020 ആകുമ്പോഴേയ്ക്കും, രാജ്യത്തെ ജനസംഖ്യയുടെ സിംഹഭാഗത്തെയും, പ്രത്യേകിച്ച് യുവാക്കളെ ജൈവവൈവിധ്യ മൂല്യത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിലൂടെ അവ സംരക്ഷിക്കുന്നതിനും, സുസ്ഥിരമായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ അവരിലൂടെ കൈക്കൊള്ളുക. |
| 3 | ജൈവവൈവിധ്യ മൂല്യനിർണ്ണയവും ദാരിദ്ര്യ നിർമ്മാർജ്ജനവും | 2020 ആകുമ്പോഴേയ്ക്കും, ദേശീയ –സംസ്ഥാന ആസൂത്രണ പദ്ധതികളിലും, വികസന പദ്ധതികളിലും, ദാരിദ്ര്യ നിർമ്മാജ്ജന തന്ത്രങ്ങളിലും ജൈവവൈവിധ്യ മൂല്യങ്ങൾ ഉൾപ്പെടുത്തുക. |
| 3 | സ്വാഭാവിക വാസസ്ഥലങ്ങളുടെ സംരക്ഷണം | 2020 ആകുമ്പോഴേയ്ക്കും മനുഷ്യനന്മയ്ക്കും പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി, സ്വാഭാവിക വാസസ്ഥലങ്ങളുടെ ശോഷണവും, തുണ്ടുവൽക്കരണവും തടയുന്നതിനുള്ള ഉപായങ്ങൾ കണ്ടെത്തി, പ്രവർത്തനത്തിൽ കൊണ്ടുവരിക |
| 4 | അധിനിവേശ സസ്യങ്ങളുടെ നിയന്ത്രണം | 2020 ആകുമ്പോഴേയ്ക്കും, അധിനിവേശ സസ്യങ്ങളും അവയുടെ പ്രവേശനമാർഗ്ഗങ്ങളും തിരിച്ചറിഞ്ഞ് മുൻഗണനാടിസ്ഥാനത്തിൽ സ്പീഷീസുകളെ നിയന്ത്രിക്കുന്നതിനുള്ള ഉപായങ്ങൾ വികസിപ്പിക്കൽ. |
| 5 | സുസ്ഥിരഭൂപ്രകൃതി | 2020 ആകുമ്പോഴേയ്ക്കും, കൃഷി, വനപരിപാലനം, മത്സ്യബന്ധനം എന്നിവയുടെ സുസ്ഥിര പരിപാല മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുക. |
| 6 | സംരക്ഷിതമേഖലകൾ | പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ, ഉൾനാടൻ ജലാശയങ്ങൾ തീരദേശ–സമുദ്രമേഖലകൾ തുടങ്ങിയവ, പ്രത്യേക ജൈവജാതിയിനങ്ങളുടെ പ്രാധാന്യം, ജൈവവൈവിധ്യ പാരിസ്ഥിതിക സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഫലപ്രദമായി, സംരക്ഷിതമേഖലകളായും, പ്രാദേശികമായിട്ടുള്ള സംരക്ഷണ മാർഗ്ഗങ്ങളിലൂടെയും, 2020 ആകുമ്പോഴേയ്ക്കും രാജ്യത്തിന്റെ 20 ശതമാനത്തോളം ഭൂപ്രകൃതിയും സംരക്ഷിക്കുക, പരിപാലിക്കുക. |
| 7 | ജനിതക വൈവിധ്യം നിലനിർത്തുക | 22020 ആകുമ്പോഴേയ്ക്കും കാർഷിക വിളകളുടേയും വളർത്തുമൃഗങ്ങളുടേയും അവയുടെ വന്യബന്ധുജീവജാലങ്ങളുടേയും, സാമൂഹിക- സാമ്പത്തിക സാംസ്ക്കാരിക മൂല്യങ്ങളുള്ള സ്പീഷിസുകളുടെയും ജനിതകവൈവിധ്യം നിലനിർത്തുക, ജനിതകശോഷണം കുറച്ചുകൊണ്ട് ജനിതകവൈവിധ്യം സംരക്ഷിക്കുന്നതിനായുള്ള ഉപായങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |
| 8 | പാരിസ്ഥിതികസേവനങ്ങൾ | 2020 ആകുമ്പോഴേയ്ക്കും, ജലം, മനുഷ്യന്റെ ആരോഗ്യം, ജീവിതരീതി എന്നിവയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ മനസ്സിലാക്കുക, പ്രാദേശിക സമൂഹത്തിന്റെയും സ്ത്രീകളുടെയും, പ്രത്യേകിച്ചും പാവപ്പെട്ടവരുടെ ആവശ്യങ്ങൾകൂടി പരിഹരിച്ചുകൊണ്ട് അവയുടെ സംരക്ഷണമാർഗ്ഗങ്ങൾ കണ്ടെത്തുക. |
| 9 | ജൈവവിഭവങ്ങളുടെ ഉപയോഗവും അവയിൽ നിന്നുള്ള പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കലും | ദേശീയ നിയമങ്ങൾക്കനുസൃതമായി 2015 ആകുമ്പോഴേയ്ക്കും നഗോയ പ്രോട്ടോക്കോൾ പ്രകാരം ജനിതക വിഭവങ്ങളുടെ ഉപയോഗവും അവയിൽനിന്നുള്ള പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കൽ നടപ്പിലാക്കുക. |
| 10 | ഭരണനിർവ്വഹണം | 2020 ആകുമ്പോഴേയ്ക്കും, ഭരണനിർവ്വഹണത്തിന്റെ വിവിധതലങ്ങളിൽ ഫലപ്രദമായും, പങ്കാളിത്തത്തോടും ദേശീയ ജൈവവൈവിധ്യ കർമ്മപദ്ധതി നടപ്പിലാക്കുക. |
| 11 | പരമ്പരാഗത അറിവുകളുടെ സംരക്ഷണം | ദേശീയ അന്തർദ്ദേശീയ നിയമങ്ങൾക്കുവിധേയമായി 2020 ആകുമ്പോഴേയ്ക്കും, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സമൂഹത്തിന്റെ പരമ്പരാഗത അറിവ് ശക്തിപ്പെടുത്തുന്നതിനും, സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. |
| 12 | ജൈവവൈവിധ്യ ബോധവൽക്കരണം | ജൈവവൈവിധ്യ പ്രവർത്തന തന്ത്രങ്ങൾ 2011–2020 ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികവും മാനുഷികവും സാങ്കേതികവുമായ വിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ 2020 ആകുമ്പോഴേയ്ക്കും കണ്ടെത്തുക. ദേശീയ ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് വിഭവ സമാഹരണത്തിനായുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക. |

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളെ (NBTs) ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ, സുസ്ഥിരവികസന ലക്ഷ്യങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കൽ



- ഒട്ടുമിക്ക സാമ്പത്തിക പ്രവർത്തനങ്ങളുടെയും പ്രത്യേകിച്ചും കൃഷി, വനസംരക്ഷണം, മത്സ്യബന്ധനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ കേന്ദ്ര മെന്നുപറയുന്നത് ജൈവവൈവിധ്യമാണ്. ആഗോളജനസംഖ്യയുടെ ഏകദേശം പകുതിയോളം അവരുടെ ജീവിതരീതിയ്ക്കായി നേരിട്ട് പ്രകൃതിവിഭവങ്ങളെ ആശ്രയിക്കുന്നു. ദുർബല ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും അവരുടെ നിത്യ ജീവിതാവശ്യങ്ങൾക്കായി നേരിട്ട് ജൈവവൈവിധ്യത്തെ ആശ്രയിക്കുന്നവരാണ്.
- ജൈവവൈവിധ്യവും അവ പ്രദാനം ചെയ്യുന്ന ആവാസവ്യവസ്ഥാ സേവനങ്ങളും ചില പ്രധാന വികസന വെല്ലുവിളികൾ നേരിടുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു. ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം ഇപ്പോൾ ആഗോളതലത്തിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ഒട്ടുമിക്ക സുസ്ഥിര വികസനക്ഷ്യങ്ങളിലും (SDGs) അനുബന്ധ ലക്ഷ്യങ്ങളിലും അവ ഉൾപ്പെടുത്തിയിട്ടുള്ളത് അതിനുള്ള തെളിവാണ്. സുസ്ഥിര വികസനലക്ഷ്യങ്ങൾ 14, 15 എന്നിവ പ്രധാനമായും ലക്ഷ്യമിടുന്നത് ജൈവവൈവിധ്യത്തെയും പ്രകൃതിവിഭവ പരിപാലനത്തെക്കുറിച്ചുമാണെങ്കിലും (NRM) അവ രണ്ടും മറ്റു സുസ്ഥിര വികസനലക്ഷ്യങ്ങളിലും പ്രകടമാണ്.
- സുസ്ഥിര വികസനലക്ഷ്യങ്ങൾ, ജൈവവൈവിധ്യ പ്രവർത്തനതന്ത്രങ്ങൾ 2011-2020 അവയുടെ 20 ഐച്ചി ലക്ഷ്യങ്ങൾ എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള മാപ്പിംഗിലൂടെ, സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ ജൈവവൈവിധ്യത്തിന്റെ പങ്കിനെക്കുറിച്ച് പെട്ടെന്ന് മനസ്സിലാക്കാവുന്നതാണ്.
- ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ (NBTs) ഐച്ചി ജൈവെവിധ്യ ലക്ഷ്യങ്ങൾക്കനുസൃതമായതിനാൽ NBTs നടപ്പിലാക്കുന്നതിലൂടെ ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ മാത്രമല്ല സുസ്ഥിര ലക്ഷ്യങ്ങളും പ്രാപ്യമാകുന്നതാണ്.

## സുസ്ഥിര വികസനലക്ഷ്യങ്ങൾ (SDGs)

ഐക്യരാഷ്ട്രസഭയുടെ 193 അംഗരാഷ്ട്രങ്ങളും അംഗീകരിച്ച സുസ്ഥിര വികസനത്തിന്റെ 2030 അജൻഡയനുസരിച്ച്; നമ്മുടെ ലോകത്തെ മാറ്റുക എന്നാണ് ഔദ്യോഗികമായി SDGs അറിയപ്പെടുന്നത്. ആഗോളതലത്തിലെ വിവിധ സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിനായി വളരെ പ്രത്യാശാപൂർവ്വം രൂപപ്പെടുത്തിയിട്ടുള്ളതാണ് 169 ലക്ഷ്യങ്ങളടങ്ങിയ 17 SDGs. അവ മനുഷ്യനന്മയ്ക്കും വികസന മുൻഗണനകൾക്കും നേരിട്ട് പ്രയോജനം നൽകുന്നു.



## ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ സുസ്ഥിര വികസനലക്ഷ്യങ്ങൾ എന്നിവയുമായി ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യലക്ഷ്യങ്ങളെ ബന്ധിപ്പിക്കൽ.




2030 അജൻഡയും അതിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങളും നടപ്പിലാക്കുന്നതിനും, സുസ്ഥിരവികസനത്തിനായുള്ള സുപ്രധാന ദേശീയ മുൻഗണനകൾ നടപ്പിലാക്കുന്നതിനും, ജൈവവൈവിധ്യവും ആവാസവ്യവസ്ഥാ സേവനങ്ങളും പരിഗണിക്കേണ്ടത് അനിവാര്യമാണ്. സംരക്ഷണ യത്നങ്ങൾ എപ്രകാരം സുസ്ഥിരവികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് സഹായകമാകുന്നു എന്നുള്ളതിന് ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു:

| സംരക്ഷണ യത്നങ്ങൾ | ബന്ധപ്പെട്ട SDGs കളിലെ പങ്ക് |
|---|---|
| നല്ലരീതിയിൽ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന വനങ്ങൾക്ക് ദീർഘകാലത്തേയ്ക്ക് ജലസുരക്ഷ നൽകുവാൻ സാധിക്കും, പ്രത്യേകിച്ചും വരൾച്ച സമയത്ത്. കൂടാതെ, താഴ്ന്ന വരുമാനക്കാരായ ജനവിഭാഗങ്ങൾക്ക് വിറകും നൽകുന്നു. | 6, 13, 15 |
| സംരക്ഷിക്കുന്നതും വീണ്ടെടുത്തിട്ടുള്ളതുമായ നീർത്തട ആവാസവ്യവസ്ഥകൾ, തീരപ്രദേശത്തെയും, താഴ്ന്നപ്രദേശത്തേയും ജനവിഭാഗത്തെ വെള്ളപ്പൊക്കത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. മാത്രമല്ല, ജലം ശുദ്ധീകരിക്കുന്നതിനും സഹായകമാകുന്നു. അതിലൂടെ ജലശുദ്ധീകരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതി | 1, 6, 13, 15 |
| നല്ലരീതിയിൽ പരിപാലിച്ചുവരുന്ന ദേശീയ സംരക്ഷണമേഖലകൾ ദേശീയ വരുമാനം വർദ്ധിപ്പിക്കുന്നതിനും, പ്രാദേശിക തൊഴിലുകളേയും ജീവിതരീതിയെയും പിന്തുണയ്ക്കുന്നതിനും സഹായകമാകുന്നു. | 8, 14, 15 |
| വിളകളുടെ വന്യയിനങ്ങളുൾപ്പെടെയുള്ള കാർഷിക ജനിതക വൈവിധ്യം പ്രത്യേകിച്ചും വെള്ളപ്പൊക്കം, വരൾച്ച, ഉയർന്ന ഊഷ്മാവ് തുടങ്ങിയ തീവ്രമായ കാലാവസ്ഥകളോട് പൊരുത്തപ്പെടുന്ന ജൈവജാതിയിനങ്ങളെ സംരക്ഷിക്കുന്നതിലൂടെ ദീർഘകാല ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് സാധിക്കുന്നു. | 2, 13 |
| അധിനിവേശ ജൈവജാതിയിങ്ങളെ തിരിച്ചറിഞ്ഞ്, തടയുകയും, നശിപ്പിക്കുകയും ചെയ്യുന്നതിലൂടെ, വൻ സാമ്പത്തിക ലാഭം ഉണ്ടാക്കുകയും, സ്വാഭാവിക ആവാസവ്യവസ്ഥകളുടെ ഉത്പാദനക്ഷമത കൂട്ടുകയും, ഭക്ഷ്യ ദൗർലഭ്യത്തിനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. | 13, 15 |
| ആവാസവ്യവസ്ഥാ സംരക്ഷണവും വീണ്ടെടുക്കലും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും തീരദേശ സമൂഹത്തിനെ സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. തീരപ്രദേശത്തെ ശക്തമായ കാറ്റ്, സമുദ്ര നിരപ്പ് ഉയരൽ, ഉരുൾപ്പൊട്ടൽ, പേമാരി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. | 1, 13, 14 |
| നല്ലതുപോലെ പരിപാലിക്കുന്ന ആവാസവ്യവസ്ഥകൾ ഔഷധ വിഭവങ്ങളുടെ സംഭരണ കേന്ദ്രമായി വർത്തിക്കുന്നതിലൂടെ, പരമ്പരാഗത രീതികളുപയോഗിച്ച് ഗ്രാമവാസികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സഹായകമാകുന്നു. | 3 |
| പവിഴപ്പുറ്റുകളുടെ സംരക്ഷണം വീണ്ടെടുക്കൽ, പ്രധാന സമുദ്ര ആവാസവ്യവസ്ഥാ ഭീഷണികൾ തടയുക എന്നിവയിലൂടെ ദീർഘകാല ആരോഗ്യം ഉറപ്പുവരുത്തുന്നതിനും, ദശലക്ഷക്കണക്കിന് ആളുകൾക്ക് ജീവിതരീതിയും പോഷകവും പ്രദാനം ചെയ്യുന്നതിനും സാധിക്കുന്നു. | 1,2, 14 |

# NBAP നടപ്പിലാക്കൽ: ജൈവവൈവിധ്യ സംരക്ഷണം മുഖ്യധാരയിലേക്ക്



- ജൈവവൈവിധ്യത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സംരക്ഷണം, ജൈവവൈവിധ്യത്തിന്റെ സുസ്ഥിരോപയോഗം എന്നിവയെ സുസ്ഥിരവികസനം, ദാരിദ്ര്യനിർമ്മാർജ്ജനം, കാലാവസ്ഥാവ്യതിയാനത്തോട് പൊരുത്തപ്പെടൽ/ലഘൂകരിക്കൽ, വ്യാപാരം തുടങ്ങിയ വ്യത്യസ്ത മേഖലകളിലെയും, കൃഷി, മത്സ്യബന്ധനം, വനപരിപാലനം, ഖനനം, ഊർജ്ജം, വിനോദസഞ്ചാരം തുടങ്ങിയ നിർദ്ദിഷ്ട മേഖലകളിലെയും പദ്ധതികളിൽ ഉൾപ്പെടുത്തുക എന്നതാണ്. കൃഷി, വനപരിപാലനം, മത്സ്യബന്ധനം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകൾ കൂടുതലും ജൈവവൈവിധ്യത്തെയും അവയുടെ ഘടകങ്ങളെയും, ബന്ധപ്പെട്ട ആവാസവ്യവസ്ഥാസേവനങ്ങളെയും ആശ്രയിച്ചിരിക്കുന്നതിനാൽ, ജൈവവൈവിധ്യം മുഖ്യധാരയിൽ കൊണ്ടുവരേണ്ടതിന്റെ അനിവാര്യമാണ്. ഈ മേഖലകൾ ജൈവവൈവിധ്യത്തെ നേരിട്ടും അല്ലാതെയും സ്വാധീനിക്കുന്നു.
- CBD യുടെ വകുപ്പ് 6(b) യിൽ ജൈവവൈവിധ്യത്തെ മുഖ്യധാരയിൽ കൊണ്ടുവരണമെന്ന് കക്ഷിരാഷ്ട്രങ്ങളോട് അനുശാസിക്കുന്നു. പ്രസ്തുത വകുപ്പ് പ്രകാരം കക്ഷികൾ 'ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിരോപയോഗവും സാധ്യമാകുംവിധം ഉചിതമായ രീതിയിൽ എല്ലാ മേഖലകളിലെയും പദ്ധതികളിലും, പ്രവർത്തനങ്ങളിലും, നയങ്ങളിലും ഉൾപ്പെടുത്തേണ്ടതാണ്".
- എല്ലാ സാമ്പത്തിക മേഖലകളിലെയും പ്രവർത്തനങ്ങൾ ഏതെങ്കിലുമൊരു രീതിയിൽ ജൈവവൈവിധ്യത്തെ സ്വാധീനിക്കുന്നതിനാൽ, സാമ്പത്തിക മേഖലകളിലും, വികസന മാതൃകകളിലും, നയങ്ങളിലും, പ്രവർത്തനങ്ങളിലും ജൈവവൈവിധ്യത്തെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതാണ്. മേഖലകളുടെ പ്രവർത്തന തലങ്ങളിൽ ജൈവവൈവിധ്യം പരിഗണിക്കപ്പെടുമ്പോൾ പരിസ്ഥിതിയുടെ ഗുണനിലവാരത്തിലും ഉൽപ്പാദനക്ഷമതയിലും നേട്ടമുണ്ടാകുന്നതിനും, സുസ്ഥിരവികസനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. വിവിധ മേഖലകളിലെ നയങ്ങളിൽ ജൈവവൈവിധ്യ നയം പ്രത്യേകം കാണുവാൻ സാധിക്കില്ലെങ്കിലും ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉപാധികളാണ് ഇത്തരം മേഖലകൾ. ജൈവവൈവിധ്യം ഈ മേഖലകളിൽ ഉൾപ്പെടുത്തുന്നതിലൂടെ ഇവയിലൂടെ ജൈവവൈവിധ്യത്തിനുണ്ടാകുന്ന ദോഷഫലങ്ങളെ ലഘൂകരിക്കുന്നതിന് സാധിക്കും.
- ജൈവവൈവിധ്യത്തെ മുഖ്യധാരയിൽ കൊണ്ടുവരിക എന്നുള്ളത് CBD യുടെ ഭാഗമായുള്ള ചുമതല മാത്രമല്ല, അതിലൂടെ സുസ്ഥിരവികസനമെന്ന ലക്ഷ്യം കൂടി ഉറപ്പാകുന്നു. ജൈവവൈവിധ്യത്തെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള പ്രധാന മാർഗ്ഗമാണ് ദേശീയ ജൈവവൈവിധ്യ കർമ്മ പദ്ധതികൾ (NBAPs).
- എല്ലാ തൽപ്പരകക്ഷികളുടെയും പൂർണ്ണമായ സഹകരണമില്ലാതെ NBAPs നടപ്പിലാക്കുന്നതിനും ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ (NBTs) നേടിയെടുക്കുന്നതിനും സാധിക്കില്ല. കേന്ദ്രഗവൺമെന്റിന്റെ അനുബന്ധ മന്ത്രാലയങ്ങൾ/വകുപ്പുകൾ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി (NBA), സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, സംസ്ഥാന വനം വകുപ്പുകൾ, സംസ്ഥാന ആസൂത്രണ ബോർഡുകൾ, മത്സ്യബന്ധനം, വനം, കൃഷി, മൃഗസംരക്ഷണം, ഖനനം, വിദ്യാഭ്യാസം തുടങ്ങിയ സംസ്ഥാന സർക്കാരുകളുടെ അനുബന്ധ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ (BMCs), വനാവകാശ സമിതികൾ, പരിസ്ഥിതി-വികസന വില്ലേജ് സമിതികൾ, സംയുക്ത വനപരിപാലന സമിതികൾ (JFMCs) ഗ്രാമസഭകൾ തുടങ്ങിയവർ NBAP നടപ്പിലാക്കുന്നതിനുള്ള പ്രമുഖ ഘടകങ്ങളാണ്.



## വിവിധ മേഖലകളിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം: ചില ഉദാഹരണങ്ങൾ

### കൃഷി

എല്ലാ വിളകളുടെയും, വളർത്തുമൃഗങ്ങളുടെയും, അവയുടെ വിവിധ ഇനങ്ങളുടെയും ഉത്ഭവമെന്നത് ജൈവവൈവിധ്യമായതിനാൽ, കൃഷിയുടെ അടിസ്ഥാനം ജൈവവൈവിധ്യമാണ്. പോഷക ചംക്രമണം, ജൈവവസ്തുക്കളുടെ വിഘടനം, മണ്ണ് രൂപീകരണം, അവയുടെ പുനഃസ്ഥാപനം, കീട-രോഗ നിയന്ത്രണം, വിളകളുടെയും വളർത്തുമൃഗങ്ങളുടെയും ഉൽപ്പാദനത്തിന് സഹായകമാകുന്ന പരാഗണം തുടങ്ങിയ അവശ്യ പ്രവർത്തനങ്ങൾ നിലനിർത്തുന്നത് ആവാസവ്യവസ്ഥകളാണ്. അവയാണ് ഭക്ഷ്യോൽപ്പാദനം, പോഷണം, മനുഷ്യ-ജന്തുക്ഷേമം എന്നിവ നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നത്.

### മത്സ്യബന്ധനം

ഭക്ഷ്യസുരക്ഷ, മികച്ച പോഷണം, ആരോഗ്യസംരക്ഷണം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ സാധ്യത, വരുമാന മാർഗ്ഗം എന്നിവ ലഭ്യമാക്കുന്നതിൽ വിവിധ ജലജൈവവൈവിധ്യമുൾപ്പെടുന്ന സമുദ്ര, തീരദേശ, ഉൾനാടൻ ആവാസവ്യവസ്ഥകൾ മുഖ്യ പങ്ക് വഹിക്കുന്നു. മത്സ്യബന്ധനവും, ജലകൃഷിയും ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥകളുടെയും സുസ്ഥിരോപയോഗത്തെ ആശ്രയിച്ചിരിക്കുന്നു. അതിലൂടെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക നേട്ടങ്ങൾ ദീർഘകാലത്തേക്ക് നിലനിർത്തുന്നു. മത്സ്യബന്ധന നയങ്ങളിലും പദ്ധതികളിലും ജൈവവൈവിധ്യത്തെ ഉൾപ്പെടുത്തുന്നതിലൂടെ മത്സ്യങ്ങളുടെ ഭക്ഷണം, പ്രജനനം, വളർച്ച എന്നിവയ്ക്കായുള്ള വാസസ്ഥലങ്ങൾ സംരക്ഷിക്കപ്പെടുന്നു. സുസ്ഥിര മത്സ്യബന്ധനവും, ജലകൃഷിയും സുസ്ഥിരവികസനത്തിന്റെ മുഖ്യഘടകങ്ങളാണ്.

### വനപരിപാലനം

ലോകത്തെ കരആവാസവ്യവസ്ഥകളിൽ ജൈവവൈവിധ്യത്തിന്റെ ഭൂരിഭാഗവും ഉൾക്കൊള്ളുന്നത് വനങ്ങളിലാണ്. സസ്യങ്ങൾക്കും, ജന്തുക്കൾക്കും, സൂക്ഷ്മാണുക്കൾക്കുമായി വിവിധങ്ങളായ ആവാസവ്യവസ്ഥകളും വനങ്ങൾ പ്രദാനം ചെയ്യുന്നു. സുസ്ഥിരവികസനത്തിന് വന ആവാസവ്യവസ്ഥകളിലെ വൈവിധ്യം വളരെ പ്രധാനമാണ്. എല്ലാത്തരം ജീവജാലങ്ങൾക്കും പ്രത്യേകിച്ചും തദ്ദേശീയ സമൂഹങ്ങൾക്ക് വനങ്ങൾ നൽകുന്ന ആവാസവ്യവസ്ഥാസേവനങ്ങൾ വളരെ പ്രധാനമാണ്. യുക്തമായ നയങ്ങളും നടപടികളും വികസിപ്പിച്ച് നടപ്പിലാക്കുന്നത് വനം-വന്യജീവി സംരക്ഷണത്തിനും, അതിലൂടെ ജൈവവൈവിധ്യ സംരക്ഷണത്തിനും സഹായകമാകുന്നതാണ്.

### വിനോദസഞ്ചാരം

ആഗോള സമ്പദ്‌വ്യവസ്ഥയുടെ പ്രധാന മേഖലകളിലൊന്നാണ് വിനോദസഞ്ചാര മേഖല. സ്വാഭാവിക വിനോദസഞ്ചാരം, വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ആശ്രയിക്കുന്നത് ജൈവവൈവിധ്യത്തെയും വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളെയുമാണ്. വിവിധ പ്രവർത്തനങ്ങളിലൂടെയും, ജൈവവൈവിധ്യ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിലൂടെയും,പരിസ്ഥിതിലോല പ്രദേശങ്ങളുടെയും, വാസസ്ഥലങ്ങളുടെയും സംരക്ഷണത്തിന് വിനോദസഞ്ചാരം നേരിട്ട് പങ്കുവഹിക്കുന്നു. ജൈവവൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട്, ദീർഘകാല സുസ്ഥിര വിനോദസഞ്ചാരം ഉറപ്പാക്കുന്നതിനുള്ള രീതികളുണ്ട്. വിനോദസഞ്ചാര വികസനനയങ്ങൾ, മാതൃകകൾ എന്നിവയുമായി ജൈവവൈവിധ്യത്തെ സംയോജിപ്പിക്കുക, സുസ്ഥിര അടിസ്ഥാനസൗകര്യ മാർഗ്ഗങ്ങൾ അവലംബിക്കുക, ഭൂപ്രകൃതിയെയും, ആവാസവ്യവസ്ഥകളെയും സംരക്ഷിക്കുക, വിനോദസഞ്ചാര മേഖലയിലെ ജൈവവൈവിധ്യ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണത്തിനായുള്ള നൈപുണ്യ വികസന പരിപാടികൾ എന്നിവ ഉൾപ്പെടുന്നു.



# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾക്കായി (NBTs) വിഭവ സമാഹരണം



- മനുഷ്യന്റെ വികസനത്തിനാവശ്യമായ വിവിധങ്ങളായ പാരിസ്ഥിതിക സാമ്പത്തിക സേവനങ്ങൾ ജൈവവൈവിധ്യം പ്രദാനം ചെയ്യുന്നു. സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനം ജൈവവൈവിധ്യമാണ്. ജൈവവൈവിധ്യത്തിലുണ്ടാകുന്ന നല്ല മാറ്റങ്ങൾ സുസ്ഥിരവികസനത്തിന്റെ വിവിധ മേഖലകളിൽ സാമൂഹിക, സാമ്പത്തിക, വികസന വളർച്ചയ്ക്ക് സഹായകമാകുന്നു.

- എന്നിരുന്നാലും, ഇആഉയുടെ ജൈവവൈവിധ്യ തന്ത്രങ്ങൾ 2011-2020 ൽ നിർവ്വചിച്ചിട്ടുള്ളതു പോലെ 20 ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ജൈവവൈവിധ്യ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ നിലവിൽ അപര്യാപ്തമാണ്. ജൈവവൈവിധ്യ തന്ത്രങ്ങൾ 2011-2020 നടപ്പിലാക്കുന്നതിനായി, ഇആഉയുടെ ആഗോള വിഭവ വിലയിരുത്തൽ (Global Assessment of Resources) ഉന്നതതല സമിതി നടത്തിയ മൂല്യ നിർണ്ണയ പ്രകാരം ആഗോളതലത്തിൽ 150-440 ബില്ല്യൺ യു.എസ്. ഡോളർ 2020 വരെ ഒരോ വർഷവും ചെലവാകുമെന്നാണ്. നിലവിൽ ധനസഹായം ഒരിടത്തുമില്ല.

- ധനസഹായത്തിലെ ഈ അന്തരം നികത്തിയാൽ മാത്രമേ, ജൈവവൈവിധ്യ സംരക്ഷണ ലക്ഷ്യങ്ങളും, സുസ്ഥിര വികസന ലക്ഷ്യങ്ങളും ആഗോളതലത്തിലും ദേശീയ തലത്തിലും കൈവരിക്കാനാവൂ.

- ജൈവവൈവിധ്യ സംരക്ഷണത്തിനാവശ്യമായ നിലവിലെ ചെലവുകളും സാമ്പത്തികാവശ്യങ്ങളും CBD അംഗരാഷ്ട്രങ്ങൾ വിലയിരുത്തേണ്ടതും, വിഭവസമാഹരണത്തിനുള്ള സമഗ്രമായ രീതികളും, തന്ത്രങ്ങളും ഉണ്ടാക്കേണ്ടതുമാണ്. പ്രത്യേകിച്ചും, ചആടഅജ നടപ്പിലാക്കുന്നതിനും, ഐച്ചി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും.

- ഇന്ത്യയിൽ, ജൈവവൈവിധ്യ മേഖലയിലേക്ക് വിഭവസമാഹരണം ലഭ്യമാകുന്നത് നേരിട്ടുള്ള പ്രധാന ധനസഹായത്തിലൂടെയും, അല്ലാതെയുമാണ് (MoEFCCയുടെ ബജറ്റിൽ നിന്നും); നേരിട്ടല്ലാതെയുള്ള ബാഹ്യമായ ധനസഹായ മാർഗ്ഗങ്ങൾ ലഭിക്കുന്നത് കേന്ദ്രസർക്കാരിന്റെ ശാസ്ത്ര-വികസന മന്ത്രാലയങ്ങൾ/വകുപ്പുകൾ ജൈവവൈവിധ്യ സംരക്ഷണത്തിനായി  അനുവദിച്ചിട്ടുള്ള ബജറ്റ് എന്നിവയിൽ നിന്നാണ്; ജൈവവൈവിധ്യത്തിനും പരിസ്ഥിതിയ്ക്കുമായി സംസ്ഥാന സർക്കാരുകളും ധനസഹായം നൽകുന്നു.

- ജൈവവൈവിധ്യ സംരക്ഷണത്തിനാവശ്യമായ സാമ്പത്തിക വിശകലനം 2010-2011 ൽ ആദ്യമായി ഇന്ത്യ നടത്തുകയുണ്ടായി. അതിൽ നേരിട്ടുള്ളതും, MoEFCC യുടെ പദ്ധതികളിലൂടെയും, നേരിട്ടല്ലാതെയും, ബാഹ്യ ഉറവിടങ്ങളിൽ നിന്നുള്ളതും (MoEFCC ഒഴികെയുള്ള 7 മന്ത്രാലയങ്ങളുടെ/വകുപ്പുകളുടെ 29 ജൈവവൈവിധ്യ സംബന്ധിയായ പദ്ധതികളിൽ നിന്നും), സംസ്ഥാന സർക്കാരുകളുടെ  പ്രധാന ഫണ്ടിൽ നിന്നുള്ളതുമായ ധനസഹായങ്ങൾ വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത  പഠനത്തിന്റെ അടിസ്ഥാനത്തിൽ അതേരീതിയുപയോഗിച്ച്, 2013-14 ൽ ഒരു വിശകലനം കൂടി നടത്തുകയുണ്ടായി. അതിൽ ബാഹ്യ ധനാഗമമാർഗ്ഗങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ 23 മന്ത്രലായങ്ങൾ/വകുപ്പുകളുടെ 77 പദ്ധതികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും പരിസ്ഥിതിയ്ക്കായി മാറ്റിവയ്ക്കുന്ന അവരുടെ ബജറ്റിലെ ഒരു വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-2014 ൽ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ആകെ ധനസഹായം 92044.50 മില്ല്യൺ (9204.45 കോടി/1482.68 മില്ല്യൺ യു.എസ്. ഡോളർ) ആയാണ് നിർണ്ണയിച്ചിരിക്കുന്നത്.  ജൈവവൈവിധ്യ സാമ്പത്തിക വിശകലനം തുടർന്നു കൊണ്ടിരിക്കുന്നതിനാൽ, ഇത് കൃത്യമായ തുകയായി കണക്കാക്കാനാവില്ലെങ്കിലും മികച്ച വിലയിരുത്തലാണ്.

- ഇതിന്റെയടിസ്ഥാനത്തിൽ, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ചെലുവുകളുടെയും ചആഅജ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികാവശ്യങ്ങളുടെയും വിശകലനം ബയോഡൈവേഴ്സിറ്റി ഫിനാൻസ് ഇനിഷ്യേറ്റീവ് (BIOFIN) പദ്ധതിയുടെ കീഴിൽ നടത്തി വരുന്നു. ഡചഉജ പദ്ധതിയുടെ ഭാഗമായി ങീളഎഇഇ യുടെ നേതൃത്വത്തിൽ ചആഅനടപ്പിലാക്കുന്ന പദ്ധതിയാണ് ബയോഫിൻ (BIOFIN) പദ്ധതി. ബയോഫിൻ പഠനത്തിന്റെ കീഴിൽ, ദേശീയ തലത്തിൽ 26 മന്ത്രാലയങ്ങളുടെ 118 പദ്ധതികൾ ജൈവവൈവിധ്യ സംരക്ഷണ പ്രാധാന്യമുള്ളവയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ ബയോഫിൻ പദ്ധതി ജൈവവൈവിധ്യ സംരക്ഷണത്തിന്റെ നിലവിലെ ധനവിനിയോഗം (പൊതു-സ്വകാര്യ ഉറവിടങ്ങളിൽ നിന്നും) വിലയിരുത്തിയിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃത്യമായി ഉപയോഗിക്കുന്ന ധനവിനിയോഗത്തെ നിർണ്ണയിക്കുന്നതിനായി വികസിപ്പിച്ചെടുത്ത പ്രത്യേക രീതി ഉപയോഗിച്ചാണ് പ്രസ്തുത മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.

## ബയോഡൈവേഴ്സിറ്റി ഫിനാൻസ് ഇനിഷ്യേറ്റീവ് (BIOFIN) പദ്ധതി

ജൈവവൈവിധ്യ തന്ത്രങ്ങൾ 2011-2020 നടപ്പിലാക്കുന്നതിനായി, ഇആഉയുടെ ആഗോള വിഭവ വിലയിരുത്തൽ ഉന്നതതല സമിതി നടത്തിയ മൂല്യനിർണ്ണയത്തെ തുടർന്ന്, 2011 ലെ ഹൈദരാബാദിലെ CBDയുടെ CoP11 ൽ വച്ച് UNDP ആരംഭിച്ച ആഗോളതല പരിപാടിയാണ് ബയോഫിൻ. സമ്പത്തും, സാമ്പത്തിക ശാസ്ത്രവുമപയോഗിച്ച് ജൈവവൈവിധ്യത്തിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള രീതികൾ ആഗോള പങ്കാളിത്തത്തോടെ വികസിപ്പിച്ചെടുത്ത് നടപ്പിലാക്കുക എന്നതാണ് UNDP നേതൃത്വം നൽകുന്ന ബയോഫിൻ പദ്ധതി. യൂറോപ്യൻ യൂണിയനും, ജർമ്മനി, സ്വിറ്റ്സർലന്റ്, നോർവ്വേ, ഫ്ളാന്റേഴ്സ് സർക്കാരുകളുമാണ് ഈ പദ്ധതിയെ സഹായിക്കുന്നത്. ബയോഫിൻ ലക്ഷ്യമാക്കുന്നത്-

- ജൈവവൈവിധ്യത്തിനായുള്ള സാമ്പത്തിക അന്തരം നികത്തുന്നതിനുള്ള പുതിയ സമീപനങ്ങളും രീതികളും വികസിപ്പിച്ച് നടപ്പിലാക്കുക;
- CBD അംഗരാഷ്ട്രങ്ങളെ വിഭവസമാഹരണത്തിനായി സഹായിക്കുക (സാമ്പത്തിക ചട്ടക്കൂട് തയ്യാറാക്കൽ);
- ജൈവവൈവിധ്യത്തിനായി ആഭ്യന്തരവും, വിദേശിയവുമായ സാമ്പത്തികം മികച്ച രീതിയിൽ സ്വരൂപിക്കുന്നതിനും, NBSAPs നടപ്പിലാക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനും രാജ്യങ്ങളെ സഹായിക്കുക.

ദേശീയ ജൈവവൈവിധ്യ കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികാവശ്യങ്ങൾക്കും, വിഭവസമാഹാരണത്തിനും, ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഉപായങ്ങൾ കണ്ടെത്തുന്നതിനും ബയോഫിൻ പദ്ധതി സഹായകമാണ്. ഇതിന്റെ ഘട്ടംഘട്ടമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന്റെ:

- ജൈവവൈവിധ്യ സാമ്പത്തിക വിശകലനം നടത്തുന്നു;
- വിവിധ സ്രോതസ്സുകളിൽ നിന്നുള്ള നിലവിലെ ദേശീയ ജൈവവൈവിധ്യ ചെലവുകൾ കണക്കാക്കുന്നു;
- NBAP നടപ്പിലാക്കുന്നതിനുള്ള ഭാവിയിലെ സാമ്പത്തികാവാശ്യങ്ങൾ വിലയിരുത്തുന്നു;
- NBAP വിജയകരമായി നടപ്പിലാക്കുന്നതിനുള്ള വിഭവങ്ങൾ തിരിച്ചറിഞ്ഞ് സമാഹരിക്കുന്നു.

വിഭവസമാഹരണം, ബജറ്റ് ആസൂത്രണം ചെയ്യൽ, ജൈവവൈവിധ്യ പരിപാലനം എന്നിവയ്ക്കായി ജൈവവൈവിധ്യ സാമ്പത്തിക രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിന് വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെടുക എന്നതും ബയോഫിന്നിന്റെ ലക്ഷ്യങ്ങളാണ്.

ലോകമെമ്പാടും 31 രാഷ്ട്രങ്ങളിൽ ബയോഫിൻ നടപ്പിലാക്കി വരുന്നു. 2015 ലാണ് ഇന്ത്യൻ ഗവൺമെന്റ് ബയോഫിൻ പദ്ധതിയിൽ പങ്കാളിയായത്. 2015 ലെ അന്താരാഷ്ട്ര ജൈവൈവിധ്യ ദിനമായ മേയ് 22 ന് ജമ്മു കശ്മീരിലെ ശ്രീനഗറിലാണ് ബയോഫിൻ ആരംഭിച്ചത്. UNDP യുടെ സഹായത്തോടെ, MoEFCCയുടെ നേതൃത്വത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയാണ് ബയോഫിൻ പദ്ധതി ഇന്ത്യയിൽ നടപ്പിലാക്കുന്നത്. ദേശീയതലത്തിൽ ബയോഫിൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രണ്ട് സംസ്ഥാനങ്ങൾ ഉത്താരഖണ്ഡും മഹാരാഷ്ട്രയുമാണ്.

Biodiversity Finance Initiative
INDIA

# ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളുടെ സൂചകങ്ങളും നിരീക്ഷണ സംവിധാനവും



- ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങളും ചആഅജയും, നടപ്പിലാക്കുന്നതിലെ പുരോഗതി നിരീക്ഷിക്കുന്നതിനുവേണ്ടി 2014 ലെ ചആഅജയിൽ, ദേശീയ ജൈവവൈവിധ്യ സൂചകങ്ങളും നിരീക്ഷണ സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
- NBTs നേടുന്നതിലെ പുരോഗതി വിലയിരുത്തുന്നതിന് പ്രഗത്ഭരായ ഏജൻസികളെ അവരുടെ ഈ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.
- ഓരോ NBTയുടെയും സമഗ്രമായ വിവരങ്ങളും, നിരീക്ഷണകാലയളവും ഉൾപ്പെടുത്തിക്കൊണ്ട് സമ്മിശ്ര സൂചകങ്ങൾ നൽകിയിട്ടുണ്ട്.
- ജൈവവൈവിധ്യ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി ഉപയോഗിച്ചു വരുന്ന സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് (City Biodiversity Index – CBI) പോലുള്ള സംവിധാനങ്ങൾ ചആഠ നേടുന്നതിലെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നു.

## സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ്

- **നഗരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണ യത്നങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു സ്വയം വിലയിരുത്തൽ സംവിധാനമായ 'സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് (CBI) അഥവാ സിംഗപ്പൂർ ഇൻഡക്സ് (SI)' ലഭ്യമാണ്. 2008 ൽ സിംഗപ്പൂരിൽ നടന്ന CoP8 ലാണ് നഗരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ അളവുകോലായി CBI നിർദ്ദേശിക്കപ്പെട്ടത്. നഗരങ്ങളിലെ നിരവധി ജൈവവൈവിധ്യ സൂചകങ്ങളെ തിട്ടപ്പെടുത്തി ക്രോഡീകരിച്ചു കൊണ്ടുള്ള, അളവിന്റെ അടിസ്ഥാനത്തിലുള്ള സൂചികയാണ് CBI.**
- **CBIയിൽ രണ്ട് ഉപഘടകങ്ങളുണ്ട്. ആദ്യത്തേത്, നഗരത്തെ സംബന്ധിക്കുന്ന വിവരങ്ങൾ (Profile of the City). രണ്ടാമത്തെ ഘടകം സൂചകങ്ങളാണ് (Indicators). ഇതിൽ പ്രാദേശിക ജൈവവൈവിധ്യം, ആവാസവ്യവസ്ഥാ സേവനങ്ങൾ, ജൈവവൈവിധ്യ പരിപാലനം, ഭരണസംവിധാനം എന്നിവ തിട്ടപ്പെടുത്തുന്ന 23 സൂചകങ്ങളാണുള്ളത്. ഒരോ സൂചകങ്ങൾക്കും 0–4 പോയിന്റുകളും ആകെ പരമാവധി സ്കോർ 92 പോയിന്റുമാണ്.**
- **നഗരങ്ങൾക്ക് അവരുടെ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് CBI സഹായകമാണ്. അതിലൂടെ ഇന്ത്യയുടെ ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ കൈവരിക്കുവാനാകും. ജൈവവൈവിധ്യത്തെക്കുറിച്ച് പൊതുജനാവബോധം ഉണ്ടാക്കുന്നതിനും, നൈപുണ്യ വികസനത്തിനും ഇത് സഹായിക്കുന്നു. നഗരങ്ങളിലെ ഭരണനിർവ്വഹണ വകുപ്പുകൾ, വിദഗ്ദർ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയ തൽപ്പരകക്ഷികളുടെ സഹകരണത്തോടെയും, വിവരശേഖരണത്തിലൂടെയും, പരസ്പര ലക്ഷ്യങ്ങൾ പങ്കുവയ്ക്കുന്നതിലൂടെയും മികച്ച ഫലമുണ്ടാകുന്നു.**
- **തദ്ദേശീയ സർക്കാരുകളും സുസ്ഥിരതയ്ക്കായി CBI ഉപയോഗിച്ചു വരുന്നു. 1990 ൽ സ്ഥാപിതമായ 43 രാഷ്ട്രങ്ങളിലെ 200 തദ്ദേശീയ സർക്കാരുകൾ ICLEI നെറ്റ്വർക്കിലൂടെ, അവരുടെ 10 നഗര അജൻഡകളിലൊന്നാക്കി ജൈവവൈവിധ്യത്തിനു കീഴിൽ സുസ്ഥിര ഭാവി കെട്ടിപ്പടുക്കുന്നതിനായി പ്രവർത്തിച്ചു വരുന്നു.**
- **ഇന്ത്യയിൽ CBI കണക്കാക്കിയ ആദ്യ നഗരം ഹൈദരാബാദാണ് (2012ൽ). വിശാഖപ്പട്ടണം, കൊച്ചി, മാംഗളൂർ, ഗോവ തുടങ്ങിയ നഗരങ്ങളിൽ ഇആകകണക്കാക്കി വരുന്നു.**
- **കേന്ദ്ര ഗവൺമെന്റിന്റെ 'സ്മാർട്ട് സിറ്റി മിഷന്റെ' ഭാഗമായുള്ള സ്മാർട്ട് സിറ്റി വികസനത്തിന് CBI പ്രയോജനപ്രദമാണ്. സ്മാർട്ട് സിറ്റി മിഷന്റെ ആദ്യഘട്ടത്തിൽ 100 നഗരങ്ങൾ സ്മാർട്ട് സിറ്റിയായി വികസിപ്പിച്ചു വരുന്നു. സ്മാർട്ട് സിറ്റിയുടെ സവിശേഷതകളിൽ, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി, പാർക്കുകൾ, കളിസ്ഥലങ്ങൾ, വിനോദസ്ഥലങ്ങൾ തുടങ്ങിയ തുറസ്സായ സ്ഥലങ്ങളുടെ വികസനം, സംരക്ഷണം, പരിസ്ഥിതി സംതുലനം, വായുമലിനീകരണം കുറയ്ക്കൽ, വിഭവശോഷണം തടയൽ എന്നിവ ഉൾപ്പെടുന്നു. ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിരീക്ഷിക്കുന്നതിനുള്ള സംവിധാനമായി CBI ഉൾപ്പെടുത്തുന്നതിലൂടെ ആരോഗ്യ പൂർണ്ണമായ സുസ്ഥിര സ്മാർട്ട് സിറ്റികൾ വികസിപ്പിക്കുവാനാകും.**


# CBD യിലേക്കുള്ള ദേശീയ റിപ്പോർട്ടുകൾ





- CBD അംഗരാഷ്ട്രങ്ങൾ ഈജ സമ്മേളനങ്ങളിൽ കൃത്യമായും ദേശീയ റിപ്പോർട്ടുകൾ സമർപ്പിക്കണം. അംഗ രാഷ്ട്രങ്ങൾ CBD നടപ്പിലാക്കുന്നതിന് കൈക്കൊിട്ടുള്ള നടപടികളും അവ എത്രമാത്രം ഫലപ്രദമായിരുന്നു എന്നുമുള്ള വിവരങ്ങൾ ലഭിക്കുന്നതിനാണ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്.

  ദേശീയ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്. തൽപ്പരകക്ഷികൾക്ക് അവ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും കക്ഷികളെ സഹായിക്കാവുന്നതാണ്. ഇതിലൂടെ അംഗരാഷ്ട്രത്തിനോ, അംഗരാഷ്ട്രങ്ങളുടെ ഗ്രൂപ്പുകൾക്കോ, ഒരു പൊതു പ്രശ്നത്തെ നേരിടുന്നതിന് പരസ്പര സഹകരണത്തോടെ ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സാധിക്കുന്നു.

  ദേശീയ റിപ്പോർട്ട് CBD യിലേക്ക് കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും അവയുടെ രൂപരേഖ CoP യോഗങ്ങളിൽ അംഗീകരിക്കുകയും ചെയ്യുന്നു.












KERALA STATE
BIODIVERSITY BOARD

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
വെബ്സൈറ്റ് - www. keralabiodiversity.org
ഇ-മെയിൽ- keralabiodiversity@gmail.com